**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 33** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് പി.എസ്.സി. നിയമനത്തിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | 1995-ലെ PWD Act അനുസരിച്ച് ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമെന്ന് കണ്ടെത്തി സർക്കാർ ഉത്തരവ് പുറപ്പെ ടുവിച്ചിട്ടുള്ള തസ്തികകളിലേക്ക് (01/01/2008 മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക്) 100 പോയിന്റ് റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകളിൽ 3% സംവരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഭിന്നശേഷിക്കാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ അഥവാ ഓഫീസുകളിൽ നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും പരിഗണന നൽകാറുണ്ടോ; എങ്കിൽ അതിനായി അപേക്ഷിക്കേണ്ടത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ? | (ബി) | ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് RPWD Act 2016 ലെ വ്യവസ്ഥകൾ ബാധകമാണ്. ഓരോ സർക്കാർ സ്ഥാപനത്തിലും സൗകര്യപ്രദവും, തടസ്സരഹിതവും, അനായാസവുമായി ജോലി ചെയ്യുന്നതിനുമുള്ള സാഹചര്യം ഒരുക്കണമെന്ന് RPWD Act 2016 വിവക്ഷ ചെയ്യുന്നുണ്ട്. 25.02.2017 ലെ സ ഉ (പി) നം. 3/17/ഉ ഭ പ വ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവും നിയമനവും പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11 ൽ പ്രതിപാദിച്ച പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) അർഹിക്കുന്ന വിഭാഗങ്ങളിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകളിലേക്കുള്ള സ്ഥലം മാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്തേണ്ടതാണ്. മുൻഗണനാപ്രകാരമുള്ള സ്ഥലം മാറ്റം അതാത് കാറ്റഗറികളിലെ സ്ഥലം മാറ്റത്തിന്റെ 20% അധികരിക്കാൻ പാടില്ല. കൂടാതെ പ്രസ്തുത വിഭാഗങ്ങളിൽ 60 ശതമാനത്തിനുമേൽ ഡിസബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേക്ക് പൊതു സ്ഥലം മാറ്റത്തിൽ സംരക്ഷണം നല്കുന്നതിനോടൊപ്പം കാലാവധി |

| | | | |
|---|---|---|---|
| | | | അവസാനിക്കുമ്പോൾ 60 ശതമാനത്തിനുമേൽ ഡിസബിലിറ്റി ഉള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നും 29.08.2017 ലെ സ ഉ (എം എസ്) നം: 18/2017/ഉ ഭ പ വ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽ ഉത്തരവിലെ മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും പാലിച്ച് അതാത് വകുപ്പുകളാണ് നിയമനം നടത്തുന്നത്. ഓരോ വകുപ്പിലെയും ജില്ലയ്ക്കകത്തുള്ള ജില്ലാതല ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾ ആ വകുപ്പിന്റെ ജില്ലാ ഓഫീസർമാരുടെ ചുമതലയിലും, സംസ്ഥാനതല ഉദ്യോഗസ്ഥരുടെ ജില്ലയ്ക്കുള്ളിലുള്ളതും അന്തർജില്ലാ സ്ഥലംമാറ്റങ്ങളും വകുപ്പ് മേധാവികളുടെ ചുമതലയിലും ഓഫീസുകളിലെ സ്ഥലം മാറ്റം ഓഫീസ് മേധാവിയും നടത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ